# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

22/08/2017-ലെ മറുപടി

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 3457*

### ദേശീയ ജലപാതാ വികസനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.എസ്. ശിവകുമാർ**<br>**,, വി.ഡി. സതീശൻ**<br>**,, സണ്ണി ജോസഫ്** | **പിണറായി വിജയൻ**<br>**( മുഖ്യമന്ത്രി )** |
| എ. കോവളം മുതൽ നീലേശ്വരം വരെയുള്ള ദേശീയ ജലപാതാ വികസനം ഏത് ഘട്ടത്തിലാണ് ; പ്രസ്തുത പാതയുടെ ദൈർഘ്യം എത്രയാണ് ; | എ. കേരളത്തിന്റെ തീരപ്രദേശത്തിനു സമാന്തരമായി കായലുകളെ പരസ്പരം ബന്ധിപ്പിച്ചും നിരവധി കനാലുകൾ നിർമ്മിച്ചും രൂപപ്പെടുത്തിയതാണ് വെസ്റ്റ് കോസ്റ്റ് കനാൽ എന്നറിയപ്പെടുന്ന തീരദേശജലപാത. ഇതിൽ കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ. ഉം, കോഴിക്കോട് മുതൽ നീലേശ്വരം വരെയുള്ള 188 കി.മീ. ഉം സംസ്ഥാന ജലപാതയാണ്. സംസ്ഥാന ജലപാതയുടെ വികസനപ്രവർത്തനങ്ങൾ ജലസേചന വകുപ്പിന് കീഴിലുള്ള ഉൾനാടൻ ജലഗതാഗത വകുപ്പാണ് നടപ്പിലാക്കി വരുന്നത്. കോവളം മുതൽ കൊല്ലം വരെയുള്ള 74.18 കി.മീ. ജലപാതയിൽ 27.50 കി.മീ. ഗതാഗത യോഗ്യമാണ്. 11.30 കി.മീ. ഭാഗികമായി ഗതാഗതയോഗ്യമാണ്. ശേഷിച്ച 16.14 കി.മീ. നീളം വരുന്ന പാർവ്വതി പുത്തനാറിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചുകൊണ്ട് കനാലിന്റെ അതിർത്തി നിർണ്ണയിക്കൽ യുദ്ധകാലാടിസ്ഥാനത്തിൽ റവന്യൂ അധികൃതരുടെ |

നേതൃത്വത്തിൽ നടന്നു വരുന്നു. പാർവ്വതി പുത്തനാർ ശുചീകരിച്ച് നാവിഗേഷൻ കനാലായി വികസിപ്പിക്കുന്നതിന് 80 കോടി രൂപയുടെ പദ്ധതിയാണ് ഇപ്പോൾ പരിഗണനയിലുള്ളത്. വർക്കല തുരങ്കങ്ങൾ 14 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടന്നു വരുന്നു. കോഴിക്കോടിനും വടകരയ്ക്കുമിടയിൽ 38.3 കി.മീ. ജലപാതയിലെ ആഴം കുറഞ്ഞ ഭാഗങ്ങളായ ഇരഞ്ഞിക്കൽ, കോരപ്പുഴ കനാൽ വികസനത്തിനായി 6 കോടി രൂപയുടേയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര മാഹി കനാൽ ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മിക്കുന്നതിനായി 5 റീച്ചുകളായി തിരിച്ച് നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. മാഹിയ്ക്കും വളപട്ടണത്തിനും ഇടയിലെ 3 അൺകട്ട് ഭാഗങ്ങളും നീലേശ്വരം മുതൽ കാസർഗോഡ് വരെയുള്ള അൺകട്ട് ഭാഗവും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മക്കേണ്ടതുണ്ട്.

ജലപാതകൾ വികസിപ്പിച്ച് യാത്രയ്ക്കും ചരക്ക് ഗതാഗതത്തിനും വിനോദസഞ്ചാരത്തിനും പ്രയോജനപ്പെടുത്തുവാനുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വികസന, പരിപാലന പ്രവർത്തനങ്ങൾ നടത്തുന്ന വിവിധവകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാങ്കേതിക വൈദഗ്ധ്യമുള്ള ഒരു സ്ഥാപനം അനിവാര്യമായ സാഹചര്യത്തിൽ എസ്.പി.വി. യായി ഒരു പ്രത്യേക പബ്ലിക് ലിമിറ്റഡ് കമ്പനി രൂപീകരിക്കുവാൻ ജി.ഒ. (എം.എസ്.)

02/17/സി.എസ്.ഐ.എൻ.ഡി. , 17/06/2017 തീയതി പ്രകാരം ഉത്തരവായിട്ടുണ്ട്.

കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീറ്റർ ദേശീയ ജലപാത ഗതാഗത യോഗ്യമാണ്. 2016 -ലെ കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരം ദേശീയ ജലപാത കോഴിക്കോട്ടു വരെ നീട്ടിയിട്ടുണ്ട്. ഇതു കൂടാതെ 6 ഫീഡർ കനാലുകൾ കൂടി ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങളും സംരക്ഷണവും നവീകരണവും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) യുടെ കീഴിലാണ് നടപ്പിലാക്കി വരുന്നത്.

| | | | |
|---|---|---|---|
| ബി. | ജലപാതാ നിർമ്മാണം എപ്പോൾ പൂർത്തിയാക്കുവാൻ കഴിയുമെന്നും എത്ര കോടി രൂപയുടെ പദ്ധതിക്കാണ് അനുമതി നൽകിയതെന്നും വ്യക്ത മാക്കുമോ ; | ബി. | 2020-ഓടു കൂടി പ്രസ്തുത ജലപാതയുടെ പ്രവൃത്തി പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 13-ാം ധനകാര്യ കമ്മീഷനിൽ നിന്നും നിലവിൽ 97.01 കോടി രൂപയും, നബാർഡിൽ നിന്നും 38.98 കോടി രൂപയും, സംസ്ഥാന ഫണ്ടിൽ നിന്നും 227.5625 കോടി രൂപക്കും, ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 146.77 കോടി രൂപയുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. |
| സി. | കേന്ദ്ര സർക്കാരിൽ നിന്നും പ്രസ്തുത ദേശീയ ജലപാതാ വികസനത്തിന് ഇതിനകം എത്ര തുക ലഭ്യമായെന്നും അതിൽ എത്ര തുക ഇതിനകം ചിലവഴിച്ചുവെന്നും വ്യക്തമാക്കുമോ ; | സി. | ദേശീയ ജലപാതാ വികസനം ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ആണ് നടത്തിവരുന്നത്. ആയതിനാൽ ചെലവഴിച്ച തുകയുടെ കണക്കുകൾ ലഭ്യമല്ല. സംസ്ഥാന ജലപാതാ വികസനത്തിനായി കേന്ദ്രസർക്കാരിൽ നിന്നും 12 -ാം ധനകാര്യ കമ്മീഷനിൽ 225 കോടി രൂപ ലഭിക്കുകയും അതിൽ 101.00 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. 13 -ാം |

ധനകാര്യ കമ്മീഷനിൽ നിന്നും 100 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. അതിൽ 97.01 കോടി രൂപയ്ക്ക് സിവിൽ പ്രവൃത്തികൾക്ക് അംഗീകാരം നൽകുകയും അതിൽ 57.88 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. നബാർഡിൽ നിന്നും 38.98 കോടി രൂപ ലഭിക്കുകയും അതിൽ 18.28 കോടി രൂപ ചെലവഴിക്കുകയും ചെയ്തു.

ഡി. തിരുവനന്തപുരത്തെ പാർവ്വതിപുത്തനാർ, കൊല്ലം തോട്, മാഹി വളപട്ടണം മേഖലകളിലെ ദേശീയ ജലപാത എന്നിവയുടെ ഓരത്തെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഒഴിപ്പിക്കപ്പെടുന്നവരെ എപ്രകാരമാണ് പുനരധിവസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഡി. തിരുവനന്തപുരത്തെ പാർവ്വതി പുത്തനാറിന്റെ (റ്റി. എസ്. കനാലിന്റെ) അതിർത്തി നിർണ്ണയിക്കുന്ന സർവ്വേ പ്രവൃത്തികൾ പൂർത്തിയായി വരുന്നു. 2718 കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരെ ലൈഫ് മിഷൻ പോലെയുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. കൊല്ലം ജില്ലയിലെ കൊല്ലം തോടിന്റെ ഓരത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും സുനാമി ഫണ്ട് ഉപയോഗിച്ച് ഇരവിപുരത്ത് നിർമ്മിച്ച ഫ്ളാറ്റുകളിൽ എല്ലാവരെയും പുനരധിവസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മാഹി - വളപട്ടണം ഭാഗത്തെ കനാൽ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. അതിനു ശേഷം മാത്രമേ എത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കണമെന്ന് അറിയാൻ കഴിയുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**